DESPATCHED
On. 10/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 838*(2)/2019*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 6091/*എസ്.ഐ.സി-ജി 6/19*

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീ. ടി.ആർ.മുരളീധരൻ
തോട്ടപുറത്ത് വീട്, നായ്ക്കർപാടി
പി.ഒ കോട്ടത്തറ, മണ്ണാർക്കാട്
പാലക്കാട്-678 581** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഷോളയൂർ ഗ്രാമപഞ്ചായത്ത്
ആനക്കുട്ടി, മട്ടത്തുക്കാട് പി.ഒ
മണ്ണാർക്കാട്
പാലക്കാട്**
2. **അപ്പീൽ അധികാരി ആന്റ് ഡപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്
ഷോളയൂർ ഗ്രാമപഞ്ചായത്ത്
ആനക്കുട്ടി, മട്ടത്തുക്കാട് പി.ഒ
മണ്ണാർക്കാട്
പാലക്കാട്.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 20.01.2019 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 20.2.2019 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 22.02.2019 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 13.03.2019 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 05.04.2019 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 08.04.2019 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.10.2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 31.10.2019 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, പാലക്കാട് |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല എന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിനാൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും എതിർകക്ഷികൾക്കെതിരെ നടപടി സ്വീകരിക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 21.01.2019 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഷോളയാർ ഗ്രാമപഞ്ചായത്തിൽ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതിയുടെ പലതീരുമാനങ്ങളും അഴിമതിയിൽ അധിഷ്ഠിതമായതും സ്വജനപക്ഷപാത ങ്ങളോടുകൂടിയതും സത്യപ്രതിജ്ഞയ്ക്ക് വിരുദ്ധമായതുമാണെന്ന് പലയിടങ്ങളിലും പൊതുജനങ്ങൾ സംസാരവിഷയമവുമായ സാഹചര്യത്തിൽ ആയതിന്റെ നിജസ്ഥിതി മനസ്സിലാക്കുവാനും പൊതുതാൽപര്യഹർജി സമർപ്പിക്കുവാനും നിർബന്ധിതമായി വന്നിരിക്കയാൽ തെളിവും ശേഖരിക്കേണ്ടത് അത്യാവശ്യമായിരിക്കയാൽ ഷോളയാർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള ഭരണസമിതിയെ സംബന്ധിച്ച 8 ഇനങ്ങളിലായുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത് .

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി മറുപടി നൽകാത്തതിനാൽ 22.02.2019ന് അപ്പീൽ അധികാരി മുമ്പാകെ നൽകിയ അപേക്ഷയിൽ അറിയിച്ചത്, ടിയാൻ വിവരാവകാശനിയമപ്രകാരം നൽകിയ അപേക്ഷയിൻമേൽ മറുപടി ലഭിച്ചില്ലെന്നും ആയത് ലഭ്യമാക്കണമെന്നുമാണ്.

4. മേൽപ്പടി അപ്പീൽ അപേക്ഷയിൻമേൽ രണ്ടാം എതിർകക്ഷി 27.02.2019 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, ബന്ധപ്പെട്ട രേഖകൾ സഹിതം 13.03.2019ന് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറാഫീസിൽ ഹാജരാകേണ്ടതാണെന്ന് ഇരുകക്ഷികളെയും അറിയിച്ചുവെന്നും, 13.03.2019 ന് നൽകിയ അപ്പീൽ ഉത്തരവിൽ ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാത്തതിൽ ടിയാൻ അപ്പീൽ നൽകുകയും, 13.03.2019 ന് നേരിട്ട് ഹാജരാകാൻ കത്ത് നൽകിയതിൽ എസ്.പി.ഐ.ഒ മാത്രം ഹാജരാകുകയും ടിയാൻ സമർപ്പിച്ച റിപ്പോർട്ടിൽ ഹർജിക്കാരൻ നൽകിയ അപേക്ഷയ്ക്ക് മറുപടി 20.02.2019 ന് നൽകിയെന്നും, പകർപ്പുകൾക്ക് അപേക്ഷഫീസ് അടച്ചിട്ടില്ലെന്നും എസ്.പി.ഐ.ഒ

ബോധിപ്പിച്ചുവെന്നും, രേഖകൾ പരിശോധിച്ചതിൽ സമയബന്ധിതമായി മറുപടി നൽകിയതായി കാണുന്നുവെന്നും ടി ഉത്തരവ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ഹർജിക്കാരന് മറുപടി നൽകണമെന്ന് നിർദ്ദേശിച്ചു അപ്പീൽ തീർപ്പാക്കുന്നു വെന്നുമാണ്.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും വിവരാവകാശ നിയമത്തിലെ വകുപ്പ് 7(1) പ്രകാരം "***സംസ്ഥാനപബ്ളിക്ക് ഇൻഫർമേഷൻ ആഫീസർ അതതുസംഗതിപോലെ, 6 –ാം വകുപ്പ് പ്രകാരമുള്ള ഒരു അപേക്ഷ ലഭിക്കുന്നതിൻമേൽ, കഴിയുന്നത്ര വേഗത്തിലും, ഏതു സംഗതിയിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിലും, നിർണ്ണയിക്കപ്പെടാവുന്ന ഫീസ് നൽകുമ്പോൾ വിവരം നൽകേണ്ടതും അല്ലെങ്കിൽ 8–ഉം 9–ഉം വകുപ്പുകളിൽ നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കേണ്ടതുമാണ്***" ഈ വകുപ്പിന് വിരുദ്ധമായി എസ്.പി.ഐ.ഒ പ്രവർത്തിച്ചതായി കാണുന്നതിനാൽ കമ്മീഷൻ ടിയാനെ താക്കീത് ചെയ്യുകയും, മേലിൽ ഇത്തരം നടപടികൾ ആവർത്തിക്കരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് ഈ അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION ★ KERALA, THIRUVANANTHAPURAM ★

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res